# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **23** 01.12.2014-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ശിവദാസൻ നായർ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത് ; | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം 117 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ ;<br><br>(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ ; | (സി) യും (ഡി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23.11.2012, 19.02.2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ., 20.12.2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ., 04.10.2013-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് |

വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ യോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ട തും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21.10.2014-ലെ സർക്കുലർ നമ്പർ. 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ

സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ? | (ഇ) സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ്

1. കൃഷി ഡയറക്ടറേറ്റ്
2. മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ്
3. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ
4. മൃഗസംരക്ഷണ വകുപ്പ്
5. ക്ഷീര വികസന വകുപ്പ്
6. പിന്നോക്ക സമുദായ വികസന വകുപ്പ്, സെക്രട്ടേറിയറ്റ്
7. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ്
8. പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ
9. സഹകരണ വകുപ്പ്
10. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
11. പുരാവസ്തു വകുപ്പ്
12. പുരാരേഖ വകുപ്പ്
13. മ്യൂസിയവും മൃഗശാലയും വകുപ്പ്
14. മലിനീകരണ നിയന്ത്രണ ബോർഡ്
15. ട്രഷറി വകുപ്പ്
16. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
17. ഇൻഷ്വറൻസ് വകുപ്പ്
18. മത്സ്യബന്ധനം
19. തുറമുഖ വകുപ്പ്
20. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്
21. സിവിൽ സപ്ലൈസ് വകുപ്പ്
22. ലീഗൽ മെട്രോളജി
23. വനം-വന്യജീവി വകുപ്പ്
24. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ
25. സ്വാതന്ത്ര്യസമരസേനാനി പെൻഷൻ വകുപ്പ്
26. സൈനിക ക്ഷേമ വകുപ്പ്
27. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
28. പൊതു പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
29. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
30. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
31. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
32. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്
33. റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ്
34. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ
35. കേരള സംസ്ഥാന നഴ്സസ് ആന്റ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധി
36. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (IMHANS)

37 കേരള നഴ്സസ് ആന്റ് മിഡൈ്വഫ്സ് കൗൺസിൽ

38 കേരള ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

39 മലബാർ കാൻസർ സെന്റർ

40 ശിശുവികസന കേന്ദ്രം

41 ഭാരതീയ ചികിത്സാ വകുപ്പ്

42 കേരള പാരാമെഡിക്കൽ കൗൺസിൽ

43 കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ

44 തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ്

45 കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

46 ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യഭവൻ)

47 കേരള സ്റ്റേറ്റ് ഹോമിയോപ്പതി സഹകരണ ഫാർമസി (HOMCO)

48 ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ

49 റീജിയണൽ കാൻസർ സെന്റർ

50 ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ/കണ്ണൂർ

51 തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ

52 കേരള ഡെന്റൽ കൗൺസിൽ

53 കേരള ഹോമിയോപ്പതി വകുപ്പ്

54 കോളേജ് വിദ്യാഭ്യാസ വകുപ്പ്

55 സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

56 പ്രിന്റിംഗ് വകുപ്പ്

57 സ്റ്റേഷനറി വകുപ്പ്

58 കോഴിക്കോട് യൂണിവേഴ്സിറ്റി

59 സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

60 പോലീസ് വകുപ്പ്

61 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്(സെക്രട്ടേറിയറ്റ്)

62 ജയിൽ വകുപ്പ്

63 ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്

64 ഹൗസിംഗ് ബോർഡ്

65 നിർമ്മിതി കേന്ദ്രം

66 ഭവന നിർമ്മാണ (സാങ്കേതിക) വകുപ്പ്

67 വ്യവസായ വകുപ്പ് (സെക്രട്ടേറിയറ്റ്)

68 വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

69 കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്

70 മൈനിംഗ് & ജിയോളജി വകുപ്പ്

71 കയർ വികസന ഡയറക്ടറേറ്റ്

72 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്

73 വിവര സാങ്കേതിക വകുപ്പ്

74 തൊഴിൽ വകുപ്പ്

75 നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ്

76 കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

77 പഞ്ചായത്ത് വകുപ്പ്

78 നഗരകാര്യ വകുപ്പ്

79 ഗ്രാമവികസന വകുപ്പ്

80 നോർക്ക (സെക്രട്ടേറിയറ്റ്)

81 കേരള പ്രവാസി ക്ഷേമ ബോർഡ്

82 പാർലമെന്ററി അഫയേഴ്സ് വകുപ്പ്

83 ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്, സെക്രട്ടേറിയറ്റ്.

84 എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്)

85 ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

86 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

87 എനർജി മാനേജ്മെന്റ് സെന്റർ

88 കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം

89 പൊതുമരാമത്ത് വകുപ്പ് (റെന്റ്)

90 പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്)

91 ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

92 സർവ്വേയും ഭൂരേഖയും വകുപ്പ്

93 പട്ടികജാതി വികസന വകുപ്പ്, (സെക്രട്ടേറിയറ്റ്)

94 പട്ടികജാതി വികസന വകുപ്പ്

95 പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

96 സ്കൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി)

97 പട്ടികവർഗ്ഗവികസന വകുപ്പ്, (സെക്രട്ടേറിയറ്റ്)

98 പട്ടികവർഗ്ഗവികസന വകുപ്പ്

99 കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

100 സാമൂഹ്യനീതി വകുപ്പ്

101 സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്, സെക്രട്ടേറിയറ്റ് (ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്)

102 വാണിജ്യ നികുതി വകുപ്പ്

103 രജിസ്ട്രേഷൻ വകുപ്പ്

104 എക്സൈസ് വകുപ്പ്

105 ലോട്ടറീസ് വകുപ്പ്

106 കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

107 ടൂറിസം വകുപ്പ്

108 കിറ്റ്സ് (Kerala Institute of Tourism and Travel Studies)

109 ഇക്കോ ടൂറിസം വകുപ്പ്

110 മോട്ടോർ വെഹിക്കിൾസ് വകുപ്പ് (കമ്മീഷണറേറ്റ്)

111 ജലഗതാഗത വകുപ്പ്

112 കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

113 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

114 ജലസേചന വകുപ്പ്

115 കേരള വാട്ടർ അതോറിറ്റി

116 ഭൂജല വകുപ്പ്

117 കാഡാ

സെക്ഷൻ ഓഫീസർ